പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: **53**

06.02.2013-ൽ മറുപടിക്ക്

## കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതി

**ചോദ്യം**

ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം. പി. ശ്രേയാംസ് കുമാർ

(എ) കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) ഉണ്ട്. കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി ടെർമിനൽ നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഇതിന്റെ നിർമ്മാണ പുരോഗതി സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും കെ.എസ്.ഐ.ഡി.സി-യും വിലയിരുത്തുകയുണ്ടായി. പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ്, എൽ.എൻ.ജി പദ്ധതിയുടെയും, മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തന പുരോഗതി വിലയിരുത്തുകയുണ്ടായി. 2013 മാർച്ച് മാസത്തിൽ തന്നെ എൽ.എൻ.ജി സ്വീകരിക്കുവാൻ തയ്യാറാണെന്ന് പെട്രോനെറ്റ് എൽ.എൻ.ജി അധികൃതർ അറിയിക്കുകയുണ്ടായി. ഇതിന് വേണ്ടിയുള്ള കപ്പൽ ചാനലിലെ ഡ്രെഡ്ജിംഗ് ജോലികൾ 2013 ഫെബ്രുവരി മാസത്തോടെ പൂർത്തിയാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

| | |
|---|---|
| (ബി) സംസ്ഥാനത്ത് നില നിൽക്കുന്ന ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രസ്തുത പദ്ധതിഎത്രത്തോളം സഹായകര മാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (ബി) ഉണ്ട്; സംസ്ഥാനത്തെ വാണിജ്യ വ്യവസായ ഗാർഹിക രംഗത്തും എൽ.എൻ.ജി ഉപയോഗപ്പെടുത്തുവാൻ സാധിക്കും. വൈദ്യുതി മേഖലയിൽ എൽ.എൻ.ജി ഉപയോഗപ്പെടുത്തി ചെറുതും വലുതുമായ വൈദ്യുതി പദ്ധതികൾ തുടങ്ങുന്നതിനുള്ള നടപടിൾ സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പു സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) പ്രസ്തുത എൽ.എൻ.ജി ടെർമിനൽ പദ്ധതി നടപ്പ് സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനാവു മെന്നാണ് പ്രതീക്ഷിക്കുന്നത്. |

Adithab
സെക്ഷൻ ഓഫീസർ